# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4162

12.11.2019 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദാന്തരീക്ഷം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ശക്തമായ വ്യവസായ സൗഹൃദാന്തരീക്ഷമാണ് നിലനിൽക്കുന്നതെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" നിലവിൽ വന്നു.<br>വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലീയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. കൂടാതെ സമയബന്ധിതമായി ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ വ്യവസായ അനുകൂല സാഹചര്യമുള്ള മുൻനിര സംസ്ഥാനമാക്കാനായി മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **(ബി)** | ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ വൻകിട കമ്പനികൾ വ്യവസായം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | **(ബി)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെ പറയുന്ന വൻകിട വ്യവസായ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.<br><br>1) ഇൻഡ്യ മിഡിൽ ഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ് (56.39 കോടി)<br>2) മലബാർ ഇസ്പാറ്റ് ലിമിറ്റഡ്(34.25 കോടി)<br><br>3) സൺ പവർ സിമെൻറ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (എക്സ്പാൻഷൻ) (24.68 കോടി)<br><br>കൂടാതെ കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകളിൽ വൻകിട നിക്ഷേപങ്ങൾക്ക് പശ്ചാത്തലമൊരുക്കി വരുന്നു.<br>• പെട്രോകെമിക്കൽ പാർക്ക്<br>• ഡിഫൻസ് പാർക്ക്<br>• മെഗാഫുഡ് പാർക്ക് |
| **(സി)** | തൊഴിൽ പ്രശ്നങ്ങളിലും നോക്കുകൂലി പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെട്ട് സമാധാനാന്തരീക്ഷം ഉണ്ടാക്കുന്നതിന് സാധിക്കുന്നുണ്ടോ; തൊഴിൽ പ്രശ്നം മൂലം ഏതെങ്കിലും വൻകിട കമ്പനികൾ ഈ സർക്കാർ വന്നശേഷം പൂട്ടേണ്ട സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | **(സി)** | തൊഴിൽ പ്രശ്നം മൂലം വൻകിട കമ്പനികൾ പൂട്ടേണ്ട സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**